"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
നം. DT/2828/19-I1 തൊഴിൽഭവവൻ, തിരുവനന്തപുരം -33
തീയതി : 03.2020

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്ലാനിംഗ് വിഭാഗം- 2019-20 സാമ്പത്തിക വർഷത്തെ അന്തിമ ചെലവ് പട്ടിക ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

----------

**<u>2019-20 സാമ്പത്തിക വർഷത്തെ പദ്ധതി ശീർഷകങ്ങളിലെ അവസാന ചെലവ് പട്ടിക മാർച്ച് മാസത്തിലെ അവസാന പ്രവർത്തി ദിവസം തന്നെ</u> itdplanningexpenditure@gmail.com <u>എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. മറ്റ് ഇ-മെയിൽ വിലാസങ്ങളിൽ ചെലവ് പട്ടിക അയക്കാൻ പാടുള്ളതല്ല. ചെലവ് പട്ടിക തയ്യാറാക്കി അയക്കുമ്പോൾ ടി കാര്യം കർശനമായി പാലിക്കേണ്ടതാണ്.</u>** എല്ലാ സ്ഥാപന മേധാവികളും / ഡി.ഡി.ഒ മാരും പദ്ധതി ശീർഷകങ്ങളിലെ അന്തിമ ചെലവ് വിവരങ്ങൾ BIMS മായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. BIMS ലെ എക്സ്പെൻഡിച്ചറും സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന എക്സ്പെൻഡീച്ചറും തമ്മിൽ യാതൊരു കാരണവശാലും വ്യത്യാസം ഉണ്ടാകാൻ പാടുള്ളതല്ല. എക്സ്പെൻഡീച്ചർ തയ്യാറക്കുമ്പോൾ ഇത്തരം വ്യത്യാസം കാണുന്ന പക്ഷം ട്രഷറിയുമായി ബന്ധപ്പെട്ട് ടി വിഷയം പരിഹരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാപന മേധാവികൾ/ ഡി.ഡി.ഒ മാർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

അവസാന പ്രവർത്തി ദിവസം തിരക്കിട്ട് ചെലവ് പട്ടിക തയ്യാറാക്കുമ്പോൾ തെറ്റുകൾ കടന്നു കൂടുവാൻ സാധ്യത ഉള്ളതിനാൽ ഈ സർക്കുലർ ലഭിച്ചാൽ ഉടൻ തന്നെ നാളിതുവരെ ഉള്ള ചെലവ് പട്ടിക BIMS മായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. ചെലവ് പട്ടിക തയ്യാറാക്കുന്ന സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, പ്രിൻസിപ്പാൾ എന്നിവരുടെ ഫോൺ നമ്പർ, ചെലവ് പട്ടികയ്ക്കൊപ്പം ലഭ്യമാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന ചെലവ് പട്ടികയിൽ അപാകതകൾ ഒന്നും ഇല്ല എന്ന് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്ന് അറിയിപ്പ് ലഭിച്ച ശേഷമേ ബന്ധപ്പെട്ട ജീവനക്കാർ ഓഫീസിൽ നിന്ന് പോകാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുന്നു.

File No.DT/2828/2019-I1

ചെലവ് പട്ടികയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഏതെങ്കിലും തരത്തിൽ ഉള്ള സംശയനിവാരണം വരുത്തേണ്ടതുണ്ടെങ്കിൽ ചുവടെ ചേർത്തിട്ടുള്ള ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ശ്രീ.റ്റി.എൽ അജികുമാർ, സീനിയർ സൂപ്രണ്ട് – 9496226859
ശ്രീ.കൃഷ്ണകുമാർ എസ്, സീനിയർ ക്ലാർക്ക് – 8921960496

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :- എല്ലാ സ്ഥാപന മേധാവികളും
പകർപ്പ് :- വകുപ്പ് വെബ് സൈറ്റ്